REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-09-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **അസംഘടിത മേഖലയിൽ തൊഴിലാളികളുടെ കുറഞ്ഞ വേതനം കേന്ദ്രം വർദ്ധിപ്പിച്ചു.**
- **ഇന്ന് ലോക ടൂറിസം ദിനം. ന്യൂഡൽഹിയിൽ നടക്കുന്ന ദിനാഘോഷചടങ്ങിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പങ്കെടുക്കും.**
- **ടൂറിസം മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ**
- **അർജുന്റെ മൃതദേഹം നാട്ടിലെത്തിക്കുന്നത് സംബന്ധിച്ച് ഇന്ന് തീരുമാനമുണ്ടായേക്കും.**
- **ജീവിതശൈലീ രോഗങ്ങളെ ചെറുക്കാൻ സംസ്ഥാനത്ത് 10,000 യോഗ ക്ലബ്ബുകൾ ആരംഭിക്കുമെന്ന് മന്ത്രി വീണാ ജോർജ്.**
- **ഇന്ത്യ - ബംഗ്ലാദേശ് ക്രിക്കറ്റ് ടെസ്റ്റിന് ഇന്ന് കാൺപൂരിൽ തുടക്കം.**

## വാർത്തകൾ വിശദമായി

അസംഘടിത മേഖലയിൽ വേരിയബിൾ ക്ഷാമബത്ത പരിഷ്കരിച്ച് കേന്ദ്രഗവൺമെന്റ് തൊഴിലാളികളുടെ കുറഞ്ഞ വേതനം വർദ്ധിപ്പിച്ചു. അടുത്ത മാസം ഒന്നു മുതൽ ഇത് പ്രാബല്യത്തിൽ വരും.

**ഡെസ്ക് റിപ്പോർട്ട്**

വൈദഗ്ധ്യം അടിസ്ഥാനമാക്കിയാണ് മിനിമം വേതന നിരക്കുകൾ തരംതിരിച്ചിരിക്കുന്നത്. വൈദഗ്ധ്യമില്ലാത്തവർ, പകുതി വൈദഗ്ധ്യമുള്ളവർ, വൈദഗ്ധ്യമുള്ളവർ, ഉയർന്ന വൈദഗ്ധ്യമുള്ളവർ എന്നിങ്ങനെയും, ഭൂമിശാസ്ത്രപരമായി എ, ബി, സി. എന്ന് തരം തിരിച്ചുമാണ് പുതിയ നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത്. നിർമാണം, തൂത്തുവാരൽ, വൃത്തിയാക്കൽ, അവിദഗ്ധ ജോലികൾക്കായി ലോഡിംഗ് & അൺലോഡിംഗ് എന്നിവയിൽ A ഏരിയയിൽ ഒരു ദിവസം 783 രൂപ ലഭിക്കും. അർദ്ധ വൈദഗ്ധ്യമുള്ള തൊഴിലാളികൾക്ക്, മിനിമം വേതനം പ്രതിദിനം 868 രൂപയും വൈദഗ്ധ്യം, ക്ലറിക്കൽ, വാച്ച് & വാർഡ് എന്നിവയ്ക്ക് ഒരു ദിവസത്തെ കുറഞ്ഞ വേതനം 954 രൂപയും ആയിരിക്കും. ഉയർന്ന വൈദഗ്ധ്യമുള്ള തൊഴിലാളികൾക്കും വാച്ച് & വാർഡിലും പുതുക്കിയ വേതനം പ്രതിദിനം 1,035 രൂപ ആയിരിക്കും.

✪✪✪

പൗരന്മാരുടെ ആധാർ, പാൻ വിവരങ്ങൾ വെളിപ്പെടുത്തുന്ന ഇന്റർനെറ്റ് സൈറ്റുകൾ കേന്ദ്ര ഗവൺമെന്റ് തടഞ്ഞു. പൗരന്മാരുടെ ആധാർ, പാൻ കാർഡ് വിശദാംശങ്ങൾ ഉൾപ്പെടെ വ്യക്തിപരമായി തിരിച്ചറിയാൻ കഴിയുന്ന തന്ത്രപ്രധാനമായ വിവരങ്ങൾ വെളിപ്പെടുത്തുന്ന ചില വെബ്സൈറ്റുകൾ ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം തിരിച്ചറിഞ്ഞതിനെ തുടർന്നാണിത്.

✪✪✪

ഇന്ന് ലോക ടൂറിസം ദിനം. തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ഓരോ രാജ്യത്തെയും സമ്പദ്‌വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ദിനം ആചരിക്കുന്നത്. വികസനവും, ആഗോള ഐക്യവും വളർത്തുന്നതിൽ വിനോദ സഞ്ചാരം നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. 'ടൂറിസവും സമാധാനവും' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

ന്യൂഡൽഹിയിൽ നടക്കുന്ന ദിനാഘോഷ ചടങ്ങിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പങ്കെടുക്കും. ഈ അവസരത്തിൽ മികച്ച ടൂറിസം വില്ലേജ് അവാർഡ് ജേതാക്കളെ മന്ത്രാലയം പ്രഖ്യാപിക്കും.

✪✪✪

ടൂറിസം മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും പുതിയ ആശയങ്ങളെ സംരംഭങ്ങൾ ആക്കി

മാറ്റാനും സംസ്ഥാനത്തിന് കഴിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചു.

കേരള ട്രാവൽ മാർട്ടിന്റെ പന്ത്രണ്ടാം പതിപ്പ് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ലോകത്ത് ടൂറിസം മേഖലയിൽ ഉണ്ടാകുന്ന ഉപകാരപ്രദമായ മാറ്റങ്ങൾ ഉൾക്കൊള്ളാൻ സംസ്ഥാനത്തിന് കഴിയണം. വെൽനസ് ടൂറിസം ഹബ്ബായി മാറ്റാൻ സാധിക്കുന്ന എല്ലാ സാഹചര്യങ്ങളും കേരളത്തിൽ ഉണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

സംസ്ഥാനത്തെ ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിൻറെ പരിധിയിൽ ഒരു ടൂറിസ്റ്റ് കേന്ദ്രമെങ്കിലും സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗവൺമെൻറ് പ്രവർത്തിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ടൂറിസം മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കായി ഇൻക്യുബേഷൻ സെൻറർ ഉടൻ ആരംഭിക്കുമെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന മന്ത്രി മുഹമ്മദ് റിയാസ് അറിയിച്ചു.

✪✪✪

നൂറുവർഷം മുമ്പു നടന്ന ആലുവ സർവ്വമത മഹാസമ്മേളനവും അതുയർത്തിയ മൂല്യങ്ങളും ഇന്നും പ്രസക്തമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

സർവ്വമത സമ്മേളനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് EMS പഠന ഗവേഷണ കേന്ദ്രം സംഘടിപ്പിച്ച സെമിനാർ ആലുവ അദ്വൈതാശ്രമത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ. അതിരൂക്ഷമായ വംശീയ ആക്രമണങ്ങളും, രക്തച്ചൊരിച്ചിലുകളും നടക്കുന്ന കാലഘട്ടത്തിലാണ് 'പല മതസാരവും ഏകം' എന്ന ഗുരുവാക്യവും സർവ്വമത സമ്മേളന സന്ദേശവും പ്രസക്തമാകുന്നത് എന്നും മുഖ്യന്ത്രി പിണറായി വിജയൻ പറഞ്ഞു.

✪✪✪

കർണ്ണാടകയിലെ ഷിരൂരിൽ തെരച്ചിലിൽ കണ്ടെത്തിയ കോഴിക്കോട് സ്വദേശിയായ ട്രക്ക് ഡ്രൈവർ അർജുന്റെ മൃതദേഹം നാട്ടിലെത്തിക്കുന്നത് സംബന്ധിച്ച് ഇന്ന് തീരുമാനമുണ്ടായേക്കും. DNA പരിശോധന ഫലം ഇന്ന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. DNA പരിശോധനക്ക് ശേഷം മൃതദ്ദേഹം നാട്ടിലെത്തിക്കാൻ എല്ലാ സഹായവും നൽകുമെന്ന് കർണ്ണാടക ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്.

കോഴിക്കോട് കണ്ണാടിക്കൽ സ്വദേശിയായ അർജുൻ ഓടിച്ച ലോറി കർണ്ണാടകയിൽ നിന്നും മരവുമായി വരുമ്പോഴാണ് മണ്ണിടിച്ചിലിൽപ്പെട്ടത്. തിരച്ചിലിൽ കാണാതായി 72-ാം ദിവസമാണ് അർജുൻ ഓടിച്ചിരുന്ന ലോറിയും മൃതദേഹവും ഗംഗാവലി പുഴയിൽ കണ്ടെത്തിയത്.

✪✪✪

പ്രമുഖ ഓൺലൈൻ ഇ-കോമേഴ്സ് വെബ്സൈറ്റുകളുടെ പേര് ഉപയോഗിച്ച് സാമൂഹ്യമാധ്യമങ്ങൾ വഴി പരസ്യം നൽകുന്ന വ്യാജ ഷോപ്പിംഗ് സൈറ്റുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് DGP ആവശ്യപ്പെട്ടു. സൈബർ പോലീസിന്റെ പരിശോധനയിൽ കണ്ടെത്തിയ ഇത്തരം 155 വ്യാജ വെബ്സൈറ്റുകൾ നീക്കം ചെയ്യാൻ നടപടി ആരംഭിച്ചതായി അദ്ദേഹം തിരുവനന്തപുരത്തു പറഞ്ഞു. ഓൺലൈൻ സാമ്പത്തികത്തട്ടിപ്പിൽ പെട്ടാൽ എത്രയും പെട്ടെന്ന് 1930 എന്ന നമ്പറിൽ പോലീസിനെ വിവരം അറിയിക്കണമെന്നും DGP പറഞ്ഞു.

പ്രമുഖ ഇ-കോമേഴ്സ് സൈറ്റുകൾ ഈ ആഴ്ച ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ അടക്കം വൻ വിലക്കുറവിൽ വില്പന നടത്തുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ അവസരം മുതലെടുത്താണ് തട്ടിപ്പുകാർ സാമൂഹ്യമാധ്യമങ്ങൾ വഴി പരസ്യം നൽകി ഉപഭോക്താക്കളെ ആകർഷിക്കുന്നത്. ഒറ്റനോട്ടത്തിൽ യഥാർത്ഥ വെബ്സൈറ്റ് പോലെ തോന്നിക്കുന്ന ഇവ സന്ദർശിച്ച് ഓർഡർ ചെയ്താൽ പണം നഷ്ടപ്പെടാൻ സാധ്യത കൂടുതലാണ്. ലിങ്കുകളിൽ ക്ലിക്ക് ചെയ്ത് ഇ-കോമേഴ്സ് വെബ്സൈറ്റുകളിൽ പ്രവേശിക്കരുതെന്നും DGP പറഞ്ഞു.

✪✪✪

ജീവിതശൈലീ രോഗങ്ങളെ ചെറുക്കാൻ സംസ്ഥാനത്ത് 10,000 യോഗ ക്ലബ്ബുകൾ ആരംഭിക്കുമെന്ന് മന്ത്രി വീണാ ജോർജ് ആലപ്പുഴയിൽ പറഞ്ഞു. അമ്പലപ്പുഴ തെക്ക് പഞ്ചായത്തിലെ കരുമാടി ആയുർവേദ ആശുപത്രിയോടനുബന്ധിച്ച് നിർമിക്കുന്ന കെട്ടിട സമുച്ചയത്തിന്റെ തറക്കല്ലിടൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. കേന്ദ്ര ആയുഷ് പദ്ധതിയിലുൾപ്പെടുത്തി ആയുർവേദ ആശുപത്രികളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പ് വരുത്തുമെന്നും യോഗ പരിശീലന കേന്ദ്രങ്ങൾ ശക്തമാക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

സ്ഥിരാധ്യാപകർക്കൊപ്പം എല്ലാ മാസവും അതിഥി അദ്ധ്യാപകർക്കും ശമ്പളം ലഭിക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളുടെ കരടു രൂപരേഖ തയ്യാറായതായി മന്ത്രി ഡോ. R ബിന്ദു പറഞ്ഞു.

ഗവൺമെന്റ് / എയ്ഡഡ് കോളേജുകളിൽ ജോലി ചെയ്യുന്നവർക്ക് സമയബന്ധിതമായി ശമ്പളം നൽകുന്നത് ഉറപ്പാക്കാൻ മന്ത്രി വിളിച്ചുചേർത്ത ഉന്നതതല ഉദ്യോഗസ്ഥ യോഗത്തിലാണ് രൂപരേഖ തയ്യാറാക്കിയത്.

ഇനി മുതൽ എല്ലാ വർഷവും അധ്യാപകരുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തേണ്ട ആവശ്യമില്ലന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ തെരഞ്ഞെടുത്ത പത്ത് വെറ്ററിനറി ആശുപത്രികൾ സ്മാർട്ട് ആക്കുമെന്ന് മന്ത്രി J. ചിഞ്ചു റാണി അറിയിച്ചു.

പെരുമ്പാവൂർ ഒക്കൽ മൃഗാശുപത്രിയുടെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പത്തനംതിട്ട ജില്ലയിൽ ഇ- സമൃദ്ധ പദ്ധതി ഉടൻ ആരംഭിക്കും.

ഓരോ പശുവിനെയും തിരിച്ചറിയുന്നതിന് പ്രത്യേക മൈക്രോ ചിപ്പ് നൽകുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവജനങ്ങളെയും വിദ്യാർത്ഥികളെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനു ക്രിയാത്മക ഇടപെടൽ പൊതു സമൂഹത്തിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് മന്ത്രി OR കേളു പറഞ്ഞു.

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗം യുവജനങ്ങൾക്കായി നടപ്പാക്കുന്ന തൊഴിൽ നൈപുണ്യ പരിശീലന കോഴ്സുകളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

പുരാവസ്തു സംരക്ഷണത്തെ കുറിച്ചു പൊതുജനങ്ങൾക്കിടയിൽ സമഗ്രമായ അവബോധം സൃഷ്ടിക്കേണ്ടത് ആവശ്യമാണെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അഭിപ്രായപ്പെട്ടു.

കേരള പൊതുരേഖ ബിൽ സംബന്ധിച്ച് എറണാകുളം കലക്ടറേറ്റ് കോൺഫറസ് ഹാളിൽ ചേർന്ന നിയമസഭാ സെലക്ട് കമ്മിറ്റിയുടെ തെളിവെടുപ്പിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

ഇന്ത്യ- ബംഗ്ലാദേശ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന് കാൺപൂരിൽ ഇന്ന് തുടക്കമാവും.

ചെന്നൈയിൽ ആദ്യ മത്സരത്തിൽ 280 റൺസിന്റെ ത്രസിപ്പിക്കുന്ന വിജയം നൽകിയ ആത്മവിശ്വാസവുമായാണ് ക്യാപ്റ്റൻ രോഹിത് ശർമയുടെ നേതൃത്വത്തിൽ ടീം ഇന്ത്യ മത്സരത്തിന് ഇറങ്ങുന്നത്. രണ്ട് മത്സരപരമ്പരയിൽ ഇന്ത്യ 1-0ന് മുന്നിലാണ്.

ഗ്രീൻ പാർക്ക് സ്റ്റേഡിയത്തിൽ രാവിലെ ഒൻപതരയ്ക്കാണ് മത്സരം തുടങ്ങുക.

✪✪✪

ചെന്നൈയിൽ ISL ഫുട്ബാളിൽ മുഹമ്മദൻ SC, ചെന്നൈയിൻ FC യെ മറുപടിയില്ലാത്ത ഒരുഗോളിന് പരാജയപ്പെടുത്തി.

ഇന്ന് വൈകീട്ട് 7.30ന് കൊൽക്കത്തയിൽ ഈസ്റ്റ് ബംഗാൾ SC, ഗോവയെ നേരിടും.

✪✪✪

അന്തരിച്ച മുൻ ഉദുമ MLAയും മുൻ KPCC. ജനറൽ സെക്രട്ടറിയുമായ KP.കുഞ്ഞിക്കണ്ണന്റ മൃതദേഹം രാവിലെ 11 മണിക്ക് കണ്ണൂർ പയ്യന്നൂർ അന്നൂരിലെ മൂരി കൊവ്വൽ ശാന്തി സ്ഥല ശ്മശാനത്തിൽ സംസ്കരിക്കും. രാവിലെ പയ്യന്നൂരിലെ വീട്ടിൽ പൊതുദർശനത്തിന് വെക്കും

ഈ മാസം നാലിന് കാഞ്ഞങ്ങാട് വെച്ച് ഉണ്ടായ വാഹനാപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുകയായിരുന്ന കുഞ്ഞിക്കണ്ണൻ ഇന്നലെ രാവിലെ കണ്ണൂരിലെ സ്വകാര്യ ആസ്പത്രിയിൽ വെച്ചാണ് അന്തരിച്ചത്. പ്രതിപക്ഷ നേതാവ് VD.സതീശൻ രാവിലെ പയ്യന്നൂരിലെ വീട്ടിലെത്തി അന്തിമോപചാരം അർപ്പിക്കും.

✪✪✪

സ്വർണക്കടത്തിലും മലപ്പുറം SP ഓഫിസ് ക്യാംപിലെ മരംമുറിയിലും ശരിയായ രീതിയിലല്ല അന്വേഷണം നടക്കുന്നതെന്ന് നിലമ്പൂർ MLA PV അൻവർ ആരോപിച്ചു. അന്വേഷണം പ്രഹസനമാണെന്ന് അദ്ദേഹം നിലമ്പൂരിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. തന്നെ കള്ളക്കടത്തുകാരനാക്കാൻ മുഖ്യമന്ത്രി ശ്രമിച്ചെന്നും ADGP അജിത് കുമാർ എഴുതിക്കൊടുക്കുന്നതാണ് മുഖ്യമന്ത്രി പറയുന്നതെന്നും അൻവർ പറഞ്ഞു. പാർട്ടിയിൽ പ്രതീക്ഷ കൈവിട്ടെന്നും ഇനി ഹൈക്കോടതിയെ സമീപിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

മുഖ്യമന്ത്രിയെന്ന സൂര്യൻ കെട്ടുപോയെന്നും പൊളിറ്റിക്കൽ സെക്രട്ടറി P ശശിയാണ് അദ്ദേഹത്തെ വികൃതനാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

മുഖ്യമന്ത്രിയെ പാർട്ടി തിരുത്തുമെന്നാണ് കരുതിയത്. പക്ഷേ, അതുണ്ടായില്ലെന്നും അൻവർ കുറ്റപ്പെടുത്തി.

✪✪✪

P V അൻവർ ഇടതുപക്ഷ രാഷ്ട്രീയ നിലപാടിൽ നിന്ന് മാറുന്നു എന്നാണ് വാർത്തകളിൽ നിന്ന് മനസ്സിലാകുന്നതെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. അൻവറിന്റെ പ്രസ്താവന വിശദമായി പരിശോധിച്ച് പാർട്ടി ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ വ്യക്തമാക്കി. ഇക്കാര്യത്തിൽ വിശദമായ പ്രതികരണം ഇന്നുണ്ടാവുമെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

കേരളം മാറി മാറി ഭരിച്ച LDFന്റെയും UDFന്റെയും പിടിപ്പുകേട് തുറന്നുകാട്ടുന്നതാണ് സംസ്ഥാനത്ത് തൊഴിലില്ലായ്മ 30% ആണെന്ന സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് പുറത്തുവിട്ട ഔദ്യോഗിക തൊഴിൽ ഡാറ്റയെന്ന് BJP സംസ്ഥാന അദ്ധ്യക്ഷൻ K.സുരേന്ദ്രൻ കോഴിക്കോട്ട് പറഞ്ഞു. യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ഇരുകൂട്ടരും പരാജയപ്പെട്ടെന്നും അദ്ദേഹം കുറ്റപ്പെടുത്തി. ഏറ്റവും പുതിയ സർവേയിലൂടെ വ്യക്തമാകുന്നത് കേരളത്തിലെ യുവാക്കളുടെ ദയനീയ അവസ്ഥയാണെന്നും സുരേന്ദ്രൻ പറഞ്ഞു.

✪✪✪

എറണാകുളം KSRTC ബസ്സ്റ്റാൻഡിൽ ജനകീയ പങ്കാളിത്തത്തോടെ ശുചീകരണ - സൗന്ദര്യവൽക്കരണ പരിപാടി രാവിലെ കൊച്ചി മേയർ M. അനിൽകുമാർ ഉദ്ഘാടനം ചെയ്യും.

ഹരിത കേരള മിഷൻ, കൊച്ചി നഗരസഭ, ശുചിത്വ മിഷൻ, KMRL തുടങ്ങി വിവിധ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪